## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6036** **19-11-2019-ൽ മറുപടിക്ക്**

### പ്രളയം വിനോദസഞ്ചാരമേഖലയിൽ ഉണ്ടാക്കിയ പ്രതിസന്ധി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ.ബഷീർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തുടർച്ചയായി രണ്ടു വർഷങ്ങളിലുണ്ടായ പ്രളയക്കെടുതി മൂലം വിനോദസഞ്ചാര മേഖലയിൽ ഉണ്ടായ പ്രതിസന്ധികൾ എന്തെല്ലാമാണെന്നും നഷ്ടം എത്രയാണെന്നും വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് തുടർച്ചയായി രണ്ട് വർഷങ്ങളിലുണ്ടായ പ്രളയക്കെടുതി മൂലം വിനോദസഞ്ചാര മേഖലയിൽ നഷ്ടങ്ങളും പ്രതിസന്ധികളും ഉണ്ടായിരുന്നു. കേരളം പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ വിനോദസഞ്ചാരികൾക്ക് സുരക്ഷിതമല്ല എന്ന രീതിയിൽ ചില ഭാഗങ്ങളിലെങ്കിലും ഉണ്ടായ തെറ്റായ പ്രചരണം പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. പ്രളയം മൂലം സഞ്ചാരികളുടെ വരവിലുണ്ടായ കുറവാണ് പ്രധാന നഷ്ടം. അതു മൂലം ഉണ്ടായ വരുമാനനഷ്ടം ഈ രംഗത്തെ നിക്ഷേപകരെയും ബാധിച്ചിട്ടുള്ളതായി മനസ്സിലാക്കുന്നു.<br>പ്രളയക്കെടുതിയിൽ ടൂറിസം വ്യവസായത്തിന് ആയിരത്തോളം കോടി രൂപയുടേയും ഇൻഫ്രാസ്ട്രക്ചർ മേഖലയിൽ 55 കോടി രൂപയുടേയും നഷ്ടം കണക്കാക്കിയിട്ടുണ്ട്.<br>2018 ആഗസ്റ്റ് മാസം കേരളത്തിലുണ്ടായ മഹാപ്രളയം മൂലം ആഗസ്റ്റ്, സെപ്റ്റംബർ |

| | | | |
|---|---|---|---|
| | | | ഒക്ടോബർ, നവംബർ എന്നീ മാസങ്ങളിൽ വിദേശ വിനോദ സഞ്ചാരികളുടെ വരവിൽ -18.46%, -18.16%, -8.37%, -7.25% എന്നീ നിരക്കിൽ കുറവ് സംഭവിച്ചിട്ടുണ്ട്. എന്നാൽ ഡിസംബർ 2018 ൽ 4.92% വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്.<br>ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിന്റെ തോത് പരിശോധിച്ചാലും ആഗസ്റ്റ് മുതൽ നവംബർ വരെയുള്ള കാലയളവിൽ -12.56%, -5.85%, -7.12%, -2.63% എന്നീ തോതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. എന്നാൽ ഡിസംബർ 2018 ൽ 0.45% വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്.<br>എന്നാൽ 2019 ആഗസ്റ്റ് മാസം ഉണ്ടായ പ്രളയ സമയത്തെ കണക്കുകൾ പരിശോധിച്ചാൽ വിദേശ/ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്.<br>2018 വർഷത്തെ അപേക്ഷിച്ച് 2019 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 23.43%, 40.59% വർദ്ധനവും ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 32.7%, 31.17% വർദ്ധനവുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.<br>അതായത് സ്ഥിതി വിവരകണക്കുകൾ പരിശോധിച്ചാൽ 2018 ലെ പ്രളയം ആഗസ്റ്റ് മുതൽ നവംബർ വരെയുള്ള മാസങ്ങളിലെ |

| | | | |
|---|---|---|---|
| | | | വിദേശ/ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിൽ കുറവ് വരുത്തിയിട്ടുണ്ട്. എന്നാൽ 2019 ആഗസ്റ്റ് മാസത്തെ പ്രളയം മൂലം വിദേശ/ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിൽ കുറവ് ഉണ്ടായിട്ടില്ല. |
| (ബി) | സംസ്ഥാനത്തെ പ്രളയം വിനോദസഞ്ചാര മേഖലയെ എങ്ങനെയെല്ലാമാണ് ബാധിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ പ്രളയം വിനോദസഞ്ചാര മേഖലയെ വിവിധ തരത്തിൽ ദോഷകരമായി ബാധിച്ചിരുന്നു. പ്രളയം മൂലം ചില ടൂറിസം കേന്ദ്രങ്ങൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രമുഖ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള റോഡ് കണക്ടിവിറ്റി കുറച്ചു കാലം നഷ്ടപ്പെടുകയുണ്ടായി. അക്കാലയളവിൽ സഞ്ചാരികളുടെ വരവിൽ കുറവു ണ്ടായതായും മനസ്സിലാക്കുന്നു. ഹോട്ടൽ മേഖലയിൽ ബുക്കിംഗുകൾ ക്യാൻസൽ ചെയ്തതും മറ്റും ഹോട്ടൽ/ടൂർ ഓപ്പറേറ്റർമാരെയും ദോഷകരമായി ബാധിച്ചിരുന്നു. 2018 ലെ പ്രളയം വിനോദ സഞ്ചാര മേഖലയിലെ പ്രധാന ആകർഷണ മായ നീലക്കുറിഞ്ഞി സീസണെ തന്നെ ബാധിക്കുന്ന സ്ഥിതിയുണ്ടായി. ഹൗസ് ബോട്ട് വ്യവസായവും ഇക്കാലയളവിൽ വളരെയധികം ബുദ്ധിമുട്ടിയിരുന്നു. |
| (സി) | എങ്കിൽ വിനോദസഞ്ചാര മേഖലയിൽ ഒരു പുത്തൻ ഉണർവ് ഉണ്ടാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പുതിയ പദ്ധതികളാണ് വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; അറിയിക്കുമോ; | (സി) | വിനോദസഞ്ചാര മേഖലയിൽ ഒരു പുത്തൻ ഉണർവ് ഉണ്ടാക്കുന്നതിന്റെ ഭാഗമായി വിവിധങ്ങളായ പല പദ്ധതികളും ടൂറിസം വകുപ്പ് സംഘടിപ്പിച്ചു പോരുന്നു. പ്രളയാനന്തരം ടൂറിസം മേഖലയെ ഉണർത്താൻ വിവിധ മാർക്കറ്റിംഗ് ക്യാമ്പയിനുകൾ നടത്തിയിരുന്നു. "IT's Time for Kerala" എന്ന പേരിൽ വകുപ്പ് 2018-19 ൽ ഒരു ക്യാമ്പയിൻ നടത്തി. രാജ്യത്തെ വിവിധ തീയേറ്ററുകൾ, എയർപോർട്ടുകൾ, റേഡിയോ, ടി.വി, സോഷ്യൽ മീഡിയ എന്നിവ വഴി കേരളം പ്രളയത്തെ അതിജീവിച്ചു എന്ന പ്രചരണം |

| | | | |
|---|---|---|---|
| | | | നടത്തുന്നതിൽ ടൂറിസം വകുപ്പ് വിജയിച്ചു. Post flood campaign എന്ന വിപണന തന്ത്രമാണ് നടത്തിയിരുന്നത്. രാജ്യത്തിനകത്തും പുറത്തും നടന്ന ട്രേഡ് ഫെയറുകളിൽ വകുപ്പ് നേരിട്ട് പങ്കെടുത്ത് കേരളം സഞ്ചാരികളെ സ്വീകരിക്കാൻ സജ്ജമായി എന്ന പ്രചരണം നടത്തിയിരുന്നു. നേരിട്ട് വകുപ്പ് B2B മീറ്റുകളും സംഘടിപ്പിച്ചിരുന്നു. കേരളം പഴയതുപോലെ വിനോദ സഞ്ചാരത്തിന് യോഗ്യമാണെന്ന് ദേശീയ തലത്തിലെ മാധ്യമങ്ങളെ ബോദ്ധ്യപ്പെടുത്താനായി വിവിധ നഗരങ്ങളിൽ പത്രസമ്മേളനങ്ങൾ നടത്തുകയുണ്ടായി.<br><br>ടൂറിസം വകുപ്പിന്റെ ഉണർവിന്റെ ഭാഗമായി 2018 മുതൽ പുതിയ പദ്ധതിയായ നിശാഗന്ധി മൺസൂൺ രാഗാസ്, 2019 ൽ ചാമ്പ്യൻസ് ബോട്ട് ലീഗ്, 2017 മുതൽ വസന്തോൽസവം എന്നിവയും നടപ്പിലാക്കിക്കഴിഞ്ഞു. ഈ വർഷം "Human by Nature" എന്ന പരസ്യ ബ്രാന്റ് ക്യാമ്പയിൻ വഴി ടൂറിസം രംഗത്ത് പുത്തൻ ഉണർവിനായി ലക്ഷ്യമിടുകയാണ് വകുപ്പ് ചെയ്തു വരുന്നത്. യു.എസ്.എ, ആസ്ട്രേലിയ, യു.കെ, ഫ്രാൻസ്, ജർമ്മനി, സ്വിറ്റ്സർലാന്റ്, നെതർലാന്റ്സ് എന്നീ രാജ്യങ്ങളിലും ഇന്ത്യക്കകത്തും ഈ ബ്രാന്റ് ക്യാമ്പയിൻ നടത്തിവരുന്നു.<br><br>ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ഉത്തരവാദിത്ത ടൂറിസം പ്രവർത്തനം പ്രധാന ഡെസ്റ്റിനേഷനുകളിൽ വ്യാപിപ്പിച്ചു വരുന്നു. അടിസ്ഥാന സൗകര്യ വികസനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പരിസ്ഥിതി സൗഹൃദവും ഭിന്നശേഷി സൗഹൃദവുമായ ടൂറിസം പദ്ധതികൾക്ക് ടൂറിസം വകുപ്പ് പ്രാമുഖ്യം നൽകി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽ എന്തെല്ലാം വിനോദസഞ്ചാര പദ്ധതികളാണ് പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളത്; പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ? | (ഡി) | ഏറനാട് മണ്ഡലത്തിലുള്ള ആഢ്യൻപാറ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ "ബാരിയർ ഫ്രീ കേരള" ടൂറിസം പദ്ധതിയുടെ ഭാഗമായി വീൽ ചെയറുകൾ, വാക്കറുകൾ, സ്ട്രെച്ചറുകൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സൈൻ ബോർഡുകൾ , ഓഡിയോ ഗൈഡ് ഉപകരണങ്ങൾ എന്നിവ ഇനിയും സ്ഥാപിക്കാനുണ്ട്. |

**സെക്ഷൻ ഓഫീസർ**